# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിൻെറ പ്രതീകം

VOL. 17 No. 07 | PUBLISHED FROM DELHI | PRICE Rs. 3/- | JULY 2013

# ഫിലിപ്പോസ് സുവിശേഷകർക്ക് ഉദാത്തമായ മാതൃക: പാസ്റ്റർ എം. സാമുവൽകുട്ടി

***പൂങ്കാവ്:*** അപ്പൊസ്തല പ്രവർത്തിയിലെ ഫിലിപ്പോസ് ഇന്നത്തെ സുവിശേഷകന്മാർ അനുകരിക്കത്തക്ക ഉത്തമ മാതൃകയുടെ ഉടമയാണെന്ന് പാസ്റ്റർ എം. സാമുവൽകുട്ടി പ്രസ്താവിച്ചു. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ ആഭിമുഖ്യത്തിൽ കോന്നി പൂങ്കാവിൽ ആരംഭിച്ച സായാഹ്ന ബൈബിൾ ക്ലാസ്സ് ഉത്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഫിലിപ്പോസ് ആത്മാവ് നിറഞ്ഞവനായിരുന്നു. സുവിശേഷ ദർശനമുള്ളവനായിരുന്നു. ദൈവം പറയുന്നത് അനുസരിക്കുന്നവനും ആയിരുന്നു. അനുഗ്രഹീതവും മാതൃകയുള്ളതുമായ ഒരു കുടുംബനാഥൻ കൂടിയായിരുന്നു ഫിലിപ്പോസ് എന്നും ദൈവദാസൻ പറഞ്ഞു. സുവിശേഷ ദർശനം കുറയുന്ന ഇന്നത്തെ സാഹചര്യത്തിൽ സുവിശേഷകരുടെ കുടുംബത്തിലും ധാർമ്മിക മൂല്ല്യച്യുതികളുടെ ചുരുളഴിയുമ്പോൾ ഫിലിപ്പോസ് നല്ല വ്യക്തിത്വത്തിന് ഉടമയായിരുന്നു എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ഈ പുതിയ കാൽവയ്പ്പ് അനേകരെ സുവിശേഷവേലയിൽ സജ്ജരാക്കും എന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

2013 ജൂൺ 10 വൈകിട്ട് നാല് മണിക്ക് നടന്ന ഉത്ഘാടന സമ്മേളനത്തിൽ കോളജ് പ്രിൻസിപ്പൽ പാസ്റ്റർ ബിജു ബഞ്ചമിൻ അദ്ധ്യക്ഷത വഹിച്ചു. ഇന്ത്യാ ഫുൾ ഗോസ്പൽ ചർച്ച് ശുശ്രൂഷകൻ പാസ്റ്റർ ബിനോയി എം. ജോഷ്വ, പാസ്റ്റർ എബി ജോർജ്ജ് എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. പാസ്റ്റർ റെജി എൻ.ജെ. സ്വാഗതവും പാസ്റ്റർ സുമേഷ് പി. ലാസർ നന്ദിയും പറഞ്ഞു. കോളജ് രജിസ്ട്രാർ പാസ്റ്റർ ബോബി പി. ജോൺ കോഴ്സുകളെക്കുറിച്ചുള്ള വിവരണം നല്കി. ബ്രദർ

(ശേഷം രണ്ടാം പേജിൽ)




സായാഹ്ന ബൈബിൽ ക്ലാസ്സ് പാസ്റ്റർ എം. സാമുവൽകുട്ടി പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്യുന്നു. കോളജ് പ്രിൽസിപ്പൽ പാസ്റ്റർ ബിജു ബഞ്ചമിൻ, പാസ്റ്റർമാരായ സുമേഷ് പി. ലാസർ, എബി ജോർജ്, മനോജ് തമ്പി, ബോബി പി. ജോൺ എന്നിവർ സമീപം.

# ക്യാഷ് അവർഡ് വിതരണം ചെയ്തു

***അടൂർ:*** ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭകളിൽ എസ്.എസ്. എൽ. സി പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കു വേണ്ടി ബ്രദർ ഷെറിൻ വർഗ്ഗീസും കുടുംബവും സ്പോൺസർ ചെയ്ത എം. കെ. തോമസ്സ് മെമ്മോറിയൽ ക്യാഷ് അവാർഡും പ്രഫഷണൽ കോഴ്സുകളിലും മറ്റു ഉയർന്ന കോഴ്സുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ സഹായവും 2013 ജൂൺ 9 ഞായറാഴ്ച വൈകിട്ട് ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ അങ്കണത്തിൽ നടന്ന പ്രത്യേക ചടങ്ങിൽ വച്ച് വിതരണം ചെയ്തു. പ്രഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്കുള്ള അവാർഡുകൾ പാസ്റ്റർ എബി ജോർജ്ജ്, പാസ്റ്റർ ഷാജി എസ്സ്. എന്നിവരും, പ്ലസ്സ് ടു വിദ്യാർത്ഥികൾക്കുള്ള അവാർഡുകൾ സിസ്റ്റർ എലിസബത്ത്

(ശേഷം രണ്ടാം പേജിൽ)



സിസ്റ്റർ ദീനാമ്മ ശീലാസ് പ്രത്യേക സമ്മാനം ഡാനി സാമിന് നൽകുന്നു

# പാസ്റ്റർ ജേക്കബ് ജോണിന് സ്വീകരണം നൽകി

***ന്യൂഡൽഹി:*** ഇന്ത്യാ പെന്തക്കൊസ്ത് ദൈവസഭ (ഐ.പി.സി.)യുടെ ജനറൽ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ ജേക്കബ് ജോണിന് ഡൽഹിയിലുള്ള പെന്തക്കൊസ്ത് വിശ്വാസികളുടെ വേദിയായ ഡൽഹി പെന്തെക്കൊസ്ത് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ജനക്പുരി സി.എം.എ.ഐ. കോൺഫറൻസ് ഹാളിൽ വച്ച് സ്വീകരണം നൽകി. ഐ. പി. സി. യിലെ സീനിയർ പാസ്റ്റർ ആയ കെ. ജോർജ്കുട്ടി അധ്യക്ഷനായിരുന്ന യോഗത്തിൽ ഐ. പി. സി. ജനറൽ കൗൺസിൽ അംഗം ഇ. എം. ഷാജി ഡൽഹി പെന്തെക്കൊസ്ത് സമൂഹത്തിന്റെ ആദരവിന്റെ പ്രതീകാത്മകമായ ഉപഹാരം (മെമൊന്റോ) കൈമാറി. വിവിധ സഭകളെ പ്രതിനിധീകരിച്ച് പാസ്റ്റർമാരായ എം. സാമുവൽകുട്ടി, സി.പി. ഫിലിപ്പ്, സാം തോമസ്, ജോർജ് കെ. തോമസ് ഷിബു മത്തായി. സി.ജോൺ, ബിനോയി ജോർജ്. സി. വി. ഫിലിപ്പോസ് തുടങ്ങിയവർ അനുമോദന പ്രസംഗങ്ങൾ നടത്തി. എൻ. സി. പി. സൗത്തിന്ത്യൻ സെൽ ചെയർമാൻ ജേക്കബ് പുതുപ്പള്ളിയും പുതിയ പ്രസിഡന്റിനെ അനുമോദിച്ചു.

ഇന്ത്യയിലെ പെന്തക്കൊസ്ത് സമൂഹത്തിന് രാജ്യത്തിന് ഗുണകരമായ പല കാര്യങ്ങളും ചെയ്യുവാനുണ്ടെന്ന് മറുപടി പ്രസംഗത്തിൽ വിവിധ സഭകളുടെ പരിച്ഛേദമായ സദസ്സിനെ അഭിസംബോധന ചെയ്തുകൊണ്ട് പാസ്റ്റർ ജേക്കബ് ജോൺ പറഞ്ഞു. ഐ. പി. സി. ഒരു വലിയ ആത്മീയ മുന്നേറ്റത്തിന്റെയും മാറ്റത്തിന്റെയും പാതയിലാണെന്ന് അദ്ദേഹം പറഞ്ഞു.

ഇതാദ്യമാണ് സഭയുടെ ജനറൽ പ്രസിഡന്റ് സ്ഥാനത്തേക്ക് ഉത്തരേന്ത്യയെ പ്രതിനിധീകരിക്കുന്ന ഒരാൾ വരുന്നത്. ഇതിനു മുമ്പേ ആന്ധ്രാപ്രദേശിൽ പ്രവർത്തിച്ചിരുന്ന പാസ്റ്റർ പി. എം. സാമുവൽ രണ്ടുതവണയും തെലുങ്കനായ പാസ്റ്റർ പരംജ്യോതി ഒരു തവണയും ജനറൽ പ്രസിഡന്റായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. വടക്കേന്ത്യയിൽ ദീർഘവർഷങ്ങൾ സുവിശേഷ വേലയിൽ വ്യാപൃതനായ പാസ്റ്റർ ജേക്കബ് ജോൺ ഇവിടങ്ങളിലെ ശുശ്രൂഷയുടെ വിവിധ വശങ്ങൾ നന്നായി അറിയാവുന്ന ആൾ ആയതിനാൽ ഇദ്ദേഹത്തിന്റെ സ്ഥാനലബ്ധി ഉത്തരേന്ത്യയിലെ വിശ്വാസി സമൂഹം പ്രത്യാശയോടെയാണ് വീക്ഷിക്കുന്നത്.




ബ്രദർ ഇ. എം. ഷാജി പ്രതീകാത്മകമായ ഉപഹാരം പാസ്റ്റർ ജേക്കബ് ജോണിന് (മെമൊന്റോ) കൈമാറുന്നു

# സാമൂഹിക പ്രതിബദ്ധതയുള്ള സുവിശേഷകരെ വാർത്തെടുക്കും: പാസ്റ്റർ എം. സാമുവൽകുട്ടി

***അടൂർ:*** ഭാരതത്തിന്റെ മതബഹുല പശ്ചാത്തലത്തെ മുൻനിർത്തിക്കൊണ്ട് സാമൂഹിക പ്രതിബദ്ധതയുള്ള സുവിശേഷകരെ വാർത്തെടുക്കുവാൻ ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് പ്രതിജ്ഞാബദ്ധമാണെന്ന് പാസ്റ്റർ എം സാമുവൽകുട്ടി. 2013 ജൂൺ 9 ഞായറാഴ്ച ഉച്ചയ്ക്ക് 3 മണിക്ക് കോളജ് അങ്കണത്തിൽ നടന്ന യോഗത്തിൽ ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ എട്ടാമതു വർഷത്തിലെ ക്ലാസ്സുകൾ ഉത്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ ഏഴ് വർഷങ്ങളിലെ പ്രവർത്തനങ്ങളെ വിലയിരുത്തി ദൈവം നടത്തിയ വഴികൾക്ക് ദൈവദാസൻ നന്ദി പ്രകടിപ്പിച്ചു. കഴിഞ്ഞ അഞ്ച് ബാച്ചുകളിലായി അറുപത്തിമൂന്ന് വിദ്യാർത്ഥികളെ

(ശേഷം രണ്ടാം പേജിൽ)




എഫ്. സി. ബി.സി.യുടെ പുതിയ അധ്യയന വർഷത്തെ ക്ലാസ്സുകൾ പാസ്റ്റർ എം. സാമുവൽകുട്ടി പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്യുന്നു. കോളജ് പ്രിൽസിപ്പൽ പാസ്റ്റർ ബിജു ബഞ്ചമിൻ, പാസ്റ്റർമാരായ മനോജ് തമ്പി, ബോബി പി. ജോൺ എന്നിവർ സമീപം.

***ഉൾപേജുകളിൽ...***

മുന്നറിയിപ്പുകളെ അവഗണിക്കരുത്: പാസ്റ്റർ എം.സാമുവൽകുട്ടി (ഡൽഹി)
വിശ്വാസിയും സൽപ്രവൃത്തികളും: പാസ്റ്റർ ബിജു തങ്കച്ചൻ (മുംബൈ)
വിശ്വാസ വീരന്റെ പ്രത്യാശ : പാസ്റ്റർ കെ. ജോയി (ഡൽഹി)
ദൈവവചനത്തിന്റെ സാദ്ധ്യതകൾ: പാസ്റ്റർ ബിജു ബഞ്ചമിൻ (അടൂർ)

പത്രാധിപ ലേഖനം.......

# മുന്നറിയിപ്പുകളെ അവഗണിക്കരുത്



കാലാവസ്ഥാ പ്രവചനത്തിൽ ഇന്ത്യ ഇന്ന് വളരെ മുമ്പിലാണ്. കടലിൽ രൂപപ്പെടുന്ന കൊടുങ്കാറ്റുകളെ കുറിച്ച് എഴുപത്തിരണ്ട് മണിക്കൂർ മുമ്പുവരെ മുന്നറിയിപ്പ് നൽകാൻ മറ്റുപല പാശ്ചാത്യരാജ്യങ്ങളെപ്പോലെ ഇന്ത്യയ്ക്കും സാധിക്കുന്നു. ഇക്കാരണത്താൽ പതിനായിരക്കണക്കിന് ജീവനുകൾ രക്ഷപ്പെടുത്താനും നമുക്ക് സാധിക്കും. കൃത്യമായ കാലാവസ്ഥാ പ്രവചനത്തിലൂടെ ഇന്ത്യയുടെ കാർഷിക മേഖലയ്ക്ക് അടുത്ത കാലത്തുണ്ടായ നേട്ടം അറുപതിനായിരം കോടി രൂപയോളമാണ് എന്നാണ് ഭൗമശാസ്ത്രമന്ത്രാലയത്തിൽ ഉപദേഷ്ടാവായ ഡോ. എം. രാജീവൻ അഭിപ്രായപ്പെടുന്നത്. ഉത്തരാഖണ്ഡിലും ശക്തമായ പേമാരിയെക്കുറിച്ചുള്ള മുന്നറിയിപ്പ് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം നൽകിയിരുന്നു. ഇത്ര ഭീകരമായ പ്രകൃതിക്ഷോഭത്തിനും വൻദുരന്തത്തിനും അത് കാരണമായിത്തീരും എന്ന് ആരും കരുതിയില്ലെങ്കിലും ശക്തമായ മഴ പതിവിലും രണ്ടാഴ്ച മുൻപെത്തുമെന്നുള്ള വ്യക്തമായ മുന്നറിയിപ്പ് നൽകപ്പെട്ടിരുന്നു.

ഇരുപത്തിനാലു മണിക്കൂറിലോ നാൽപത്തെട്ടു മണിക്കൂറിലോ പെയ്തു തീരേണ്ട മഴ രണ്ടോ മൂന്നോ മണിക്കൂറിനുള്ളിൽ ഒറ്റയടിക്ക് പെയ്യുമ്പോഴാണ് മിന്നൽ പ്രളയമുണ്ടാകുന്നത്. അത് വലിയ അപകടത്തിൽ അവസാനിക്കുന്നു. മഴവെള്ളം ഭൂമിയിലേക്ക് ആഗിരണം ചെയ്യപ്പെടാതിരിക്കും. പെട്ടന്ന് നിറഞ്ഞുകവിയുന്ന അണക്കെട്ടുകൾ തുറന്നുവിടേണ്ടിവരുന്നതാൽ ജീവനും സ്വത്തിനും വൻതോതിൽ നാശമുണ്ടാകും. ഉത്തരാഖണ്ഡിലെ ദുരന്തത്തിന് ആഗോളതാപനവുമായുള്ള ബന്ധം അവഗണിക്കാവുന്നതല്ല. താപനില വർദ്ധിക്കുമ്പോൾ പ്രകൃതിയുടെ സ്വഭാവത്തിനു മാറ്റങ്ങളുണ്ടാകുന്നു. ഇത് അപ്രതീക്ഷിത പ്രത്യാഘാതങ്ങൾക്ക് വഴിതെളിയിക്കുന്നു. മേഘസ്ഫോടനങ്ങളും മിന്നൽ പ്രളയങ്ങളും ദുരന്തങ്ങളും ആവർത്തിക്കുമെന്നും കരുതിയിരിക്കണമെന്നുമുള്ള താക്കീതാണ് ഇതിൽ നിന്നും ലഭിക്കുന്നത്. പർവ്വത മേഖലകളിൽ മാത്രമല്ല, സമതലങ്ങളിലും മേഘസ്ഫോടനങ്ങളുണ്ടാകാം. സമുദ്രങ്ങളിൽ ഏറ്റവുമധികം ഉപരിതല താപമേറുന്നത് ഇന്ത്യൻ മഹാസമുദ്രത്തിലാണ്. സമുദ്രത്തിലെ കാലാവസ്ഥ കരയിലെ കാലാവസ്ഥയെ സ്വാധീനിക്കും. മഴയെയും വെയിലിനെയും നിയന്ത്രിക്കും. മഴക്കാലം ഉപഭൂഖണ്ഡത്തിൽ ചുവടുവെയ്ക്കുന്നത് കേരളത്തിലൂടെയാകുമ്പോൾ മുൻകരുതൽ അത്യാവശ്യമാണ്. ചെറിയ തോതിലുള്ള മേഘസ്ഫോടനങ്ങൾക്ക് അടുത്തകാലത്ത് കേരളം സാക്ഷ്യം വഹിച്ചതുമാണ്. മനുഷ്യൻ പ്രകൃതിയുമായി കൂടുതൽ സമരസപ്പെടുകയെന്ന മുന്നറിയിപ്പാണ് ഉത്തരാഖണ്ഡിൽ നിന്നും ലഭിക്കുന്നത്. അടുത്ത അമ്പതു വർഷത്തിനകം താപനില രണ്ടു ഡിഗ്രിയോളം വർദ്ധിക്കും. ഇതോടൊപ്പം കനത്ത മഴയുടേയും അതിനോട് ചേർന്നുള്ള പ്രകൃതിപ്രതിഭാസങ്ങളുടേയും തവണകൾ കൂടും, ദുരന്തങ്ങൾക്ക് സാധ്യതയേറും. ഇതിനെതിരെ കരുതിയിരിക്കണമെന്നുള്ള മുന്നറിയിപ്പാണ് നമുക്ക് ലഭിക്കുന്നത്.

മെച്ചപ്പെട്ട ഏകോപനത്തിലൂടെ കാലാവസ്ഥാ പ്രവചനത്തിൽ നമ്മുടെ രാജ്യം കൈവരിച്ച ആധികാരികത ദുരന്തനിവാരണത്തിനു കാര്യമായി പ്രയോജനപ്പെടുത്താൻ നമുക്ക് കഴിയണം. ന്യൂനമർദ്ദം രൂപപ്പെടുന്നുവെന്ന് കാലാവസ്ഥാ ശാസ്ത്രജ്ഞർ മുന്നറിയിപ്പ് നൽകിയാലുടൻ ഭരണസംവിധാനമാകെ ഉണർന്നു പ്രവർത്തിക്കത്തക്ക വിധത്തിലുള്ള സംവിധാനം ഇപ്പോൾ നിലവിലുണ്ട്. മുഖ്യമന്ത്രിയും ചീഫ് സെക്രട്ടറിയും മുതൽ താഴെതട്ടിൽ വരെ എത്തന്ന സംവിധാനമാണിത്. ഇത് മറ്റു മേഖലകളിലേക്കും വ്യാപിപ്പിക്കാൻ മനസ്സുവച്ചാൽ മതി.

ഉത്തരാഖണ്ഡിലെ പേമാരിയും മേഘസ്ഫോടനവും മിന്നൽ പ്രളയവും, പ്രകൃതി പിണങ്ങിയാൽ മനുഷ്യൻ നിസ്സഹായനാണെന്ന മുന്നറിയിപ്പാണ് നൽകുന്നത്. പ്രകൃതിയെക്കുറിച്ച് കൂടുതൽ കരുതലുണ്ടാകണമെന്ന മുന്നറിയിപ്പ്. ഭാരതത്തിന്റെ വടക്കേയറ്റത്തുള്ള ദുരന്തത്തിൽ നിന്ന് തെക്കേയറ്റത്തുള്ള കേരളവും ചില പാഠങ്ങൾ ഉൾക്കൊള്ളേണ്ടതുണ്ട്. മലനിരകളുടെ സംരക്ഷണത്തിന് മരങ്ങൾ വേണമെന്നും, ചരിവുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഭൗമോപരിതലത്തിനും പ്രകൃതിക്കും യോജിച്ച വിധത്തിലാവണമെന്നും നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

വിശുദ്ധ വേദപുസ്തകം മുന്നറിയിപ്പുകളുടെ ഒരു കലവറയാണ്. യേശുക്രിസ്തുവിന്റെ പുനരാഗമനത്തെക്കുറിച്ച് മുപ്പതിൽപരം പ്രവചനങ്ങൾ വേദപുസ്തകത്തിലുണ്ട്. അനുസരിക്കുന്നവർക്ക് അനുഗ്രഹവും അനുസരിക്കാത്തവർക്ക് ശാപവും എന്നത് ദൈവത്തിന്റെ നിയമമാണ്. എന്നാൽ പരിഷ്കൃത രാജ്യങ്ങളെന്ന് സ്വയം അഭിമാനിക്കുന്ന പാശ്ചാത്യനാടുകളിൽപോലും അസാൻമാർഗ്ഗീയത ഏറി വരുന്നു, ദൈവഭയം തീരെ ഇല്ലാതായിരിക്കുന്നു. വിശ്വാസികളിൽ പോലും ദൈവകൽപന അനുസരിക്കാത്തവർ വർദ്ധിച്ചുകൊണ്ടിരിക്കുന്നു, ദൈവവചനത്തിലെ മുന്നറിയിപ്പുകളെ കണ്ടില്ലെന്നു നടിക്കുന്നു. ജലപ്രളയം, ഭൂമികുലുക്കം, ക്ഷാമം, മഹാവ്യാധികൾ, യുദ്ധം മുതലായവയെക്കൊണ്ട് പ്രകൃതിയിലൂടെ ദൈവം ലോകത്തെ ശിക്ഷിക്കുന്ന ദിനങ്ങൾ കർത്താവിന്റെ നാളിന്റെ മുന്നോടി ആണ്. ഇവയൊക്കെ സംഭവിക്കുമ്പോൾ യഹോവയുടെ നാൾ വരുന്നു, ഏറ്റവും അടുത്തിരിക്കുന്നു എന്നു നാം മനസ്സിലാക്കണം. കർത്താവിന്റെ വരവ് എന്നുള്ളത് ചില മണിക്കൂറുകൾക്ക് മുമ്പ് അറിയിക്കപ്പെടുന്ന കാലാവസ്ഥാ പ്രവചനം പോലെ അവഗണിക്കപ്പെടുവാനുള്ളതല്ല. യേശുക്രിസ്തു വീണ്ടും വരും എന്ന് ബൈബിൾ അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു. അപ്പൊസ്തലനായ പത്രൊസ് പറയുന്നത് ശ്രദ്ധിക്കുക. “ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസ്സാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ച് നിങ്ങളോട് ദീർഘക്ഷമ കണിക്കുന്നതേയുള്ളു” (2 പത്രൊസ് 3:9,10). താൻ “കള്ളനെ പോലെ വരും” എന്ന് പത്രൊസ് യേശുവിനെ കുറിച്ച് പറഞ്ഞിരിക്കുന്നു. ആ കർത്താവിന്റെ വരവ് താമസിച്ചുപോയോ? ഒരിക്കലും ഇല്ല. പത്രൊസ് പറയുന്നതുപോലെ “നാം മാനസാന്തരപ്പെടുവാനായി കർത്താവ് ദീർഘക്ഷമയോടെ കാത്തിരിക്കുകയാണ്”. “അവൻ വരുന്ന നാളും നാഴികയും നാം അറിയായ്കയാൽ ഉണർന്നും ജാഗരിച്ചും കൊണ്ടിരിക്കേണം” എന്ന് മത്തായി 25:13-ൽ കാണുന്നു. ദൈവവചനത്തിന്റെ മുന്നറിയിപ്പുകളെ അവഗണിക്കാതെ ഉണർന്നിരിക്കേണ്ടതും ജാഗ്രതയോടെ കാത്തിരിക്കേണ്ടതും നമ്മുടെ ചുമതലയാണ്.

കർത്താവ് വീണ്ടും വരുമെന്ന് വിശ്വസിക്കുകയും ക്രിസ്തുവിന്റെ വരവിൽ തള്ളപ്പെടുകയും ചെയ്യുന്നത് പരിതാപകരവും വേദനാജനകവുമായ ഒരു സംഭവമായിരിക്കും. നാം ഒരുങ്ങേണ്ടതുപോലെ ഒരുങ്ങാതെയും ഉണരേണ്ടതുപോലെ ഉണരാതെയും ഇരുന്നാൽ നമ്മൾ ആരുതന്നെയാണെങ്കിലും കൈവിടപ്പെടുവാൻ സാദ്ധ്യതയുണ്ട്. കറയും മാലിന്യവും ഇല്ലാത്ത തന്റെ സഭയാം കാന്തയെ സ്വീകരിക്കുവാനാണ് യേശു വരുന്നത്.

ഉത്തരാഖണ്ഡിലെ ദുരന്തശേഷം സൈനികർ ചെയ്ത സ്തുസ്ത്യർഹമായ സേവനം ശ്ലാഘനീയമാണ്. തങ്ങളുടെ ജീവനെപ്പോലും അവഗണിച്ചുകൊണ്ട് അപകടത്തിൽ പെട്ടവരെ സഹായിക്കുവാനും സംരക്ഷിക്കുവാനും അവർ തയ്യാറായി. അതിൽ ചിലർക്ക് തങ്ങളുടെ ജീവൻ പോലും നഷ്ടപ്പെടുത്തേണ്ടിവന്നു. പിശാചിന്റെ വഴിയിലൂടെ യാത്രചെയ്ത് ദുരന്തങ്ങളിലേക്ക് നിപതിച്ചുകൊണ്ടിരിക്കുന്ന അനേകരെ വിടുവിപ്പാനും അവരെ നിത്യരക്ഷയിലേക്ക് നയിക്കുവാനും നിയോഗിക്കപ്പെട്ടവരാണ് നാം ഓരോരുത്തരും. എന്നാൽ പലരും അവരവരുടെ സുഖത്തിനും സ്വാർത്ഥതയ്ക്കുമായി സുരക്ഷാവലയങ്ങളിൽ മാത്രം കഴിയുന്നു. പക്ഷെ ദൈവം ഏൽപ്പിച്ച ദൗത്യം അവർ മറക്കുന്നു. എന്നാൽ മരണപര്യന്തം വിശ്വസ്ഥരായവർക്കാണ് ജീവകിരീടം ലഭിക്കുന്നത്. “ഞാൻ വേഗം വരുന്നു. നിന്റെ കിരീടം ആരും എടുക്കാതിരിപ്പാൻ നിനക്കുള്ളത് പിടിച്ചുകൊൾക” എന്ന് യേശു കല്പിക്കുന്നു (വെളിപ്പാട് 3:11). കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിൽ നിന്നുള്ള മുന്നറിയിപ്പുകൾ ലഭിച്ചശേഷം ഭരണസംവിധാനമാകെ ഉണർന്നു പ്രവർത്തിക്കുന്നു. എന്നാൽ നൂറ്റാണ്ടുകളായി പ്രഖ്യാപിക്കപ്പെട്ടുകൊണ്ടിരിക്കുന്ന കർത്താവിന്റെ മടങ്ങിവരവിന്റെ മുന്നറിയിപ്പുകളെയും അതിന്റെ ലക്ഷണങ്ങളെയും മനസിലാക്കി എത്രയധികം ഉണർന്ന് പ്രവർത്തിക്കേണ്ട ഒരു കാലഘട്ടത്തിലൂടെയാണ് നാം യാത്ര ചെയ്തുകൊണ്ടിരിക്കുന്നത് എന്നു നാം മനസ്സിലാക്കണം. മുന്നറിയിപ്പുകളെ അവഗണിക്കാതെ ശക്തമായി കർത്താവിനായി പ്രവർത്തിക്കാം.

*- പാസ്റ്റർ എം. സാമുവൽകുട്ടി*

## ഫിലിപ്പോസ് സുവിശേഷകർക്ക് ....

(ഒന്നാം പേജിൽ നിന്നും തുടർച്ച)

എഡ്വിൻ, ബ്രദർ ജോസ് പ്രദീഷ് എന്നിവർ ഗാനങ്ങളാലപിക്കുകയും പാസ്റ്റർ മനോജ് തമ്പി, സുവി. പാപ്പച്ചൻ എൻ. ജെ, സുവി. ജോർജ്ജ് എം.വൈ. എന്നിവർ പ്രാർത്ഥിക്കുകയും ചെയ്തു. തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിൽ വെകിട്ട് 6 മണി മുതൽ 8 മണി വരെ പൂങ്കാവ് സി.എം.എസ്സ്. സ്കൂളിന് സമീപം തുണ്ടിയിലത്ത് ബിൽഡിംഗിൽ വച്ചാണ് ക്ലാസ്സുകൾ നടക്കുന്നത്. രണ്ടു വർഷത്തെ കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സി.റ്റി.എച്ച്. സർട്ടിഫിക്കേറ്റ് ലഭിക്കും. ക്ലാസ്സുകളിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ ഈ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക. പാസ്റ്റർ റെജി. എൻ. ജെ 9946555707, പാസ്റ്റർ ബിജു ബഞ്ചമിൻ 9961813058.

## ക്യാഷ് അവർഡ് വിതരണം ചെയ്തു

(ഒന്നാം പേജിൽ നിന്നും തുടർച്ച)

സാമുവലും, എസ്. എസ് എൽ സി വിദ്യാർത്ഥികൾക്ക് പാസ്റ്റർ എം. സാമുവൽകുട്ടിയും അവാർഡുകൾ നൽകി. വിദ്യാർത്ഥികൾ വിദ്യാഭ്യാസത്തിലൂടെ പുരോഗതിയിലേക്ക് കടന്നുവരണമെന്നും സമൂഹത്തിനും സഭയ്ക്കും രാജ്യത്തിനും ഭവനങ്ങൾക്കും പ്രയോജനമുള്ളവരാകണമെന്നും ദൈവദാസൻ ആഹ്വാനം ചെയ്തു. എസ്. എസ്.എൽ.സി. പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ വിദ്യാർത്ഥിക്ക് ബ്രദർ ഗോഡ്സൺ സീലാസ് സ്പോൺസർ ചെയ്ത പ്രത്യേക സമ്മാനത്തിന് ഡാനി സാം അർഹനായി. സിസ്റ്റർ ദീനാമ്മ ശീലാസ് അവാർഡ് നൽകി.

## സാമൂഹിക പ്രതിബദ്ധതയുള്ള സുവിശേഷകരെ...

(ഒന്നാം പേജിൽ നിന്നും തുടർച്ച)

സുവിശേഷ വേലയിൽ പരിശീലിപ്പിച്ച് അയക്കുവാൻ കഴിഞ്ഞതിലുള്ള ചാരിതാർഥ്യം അദ്ദേഹം രേഖപ്പെടുത്തി. ഈ വർഷം വിവിധ മതങ്ങളുടെയും ഭാഷകളുടെയും സംസ്കാരങ്ങളുടെയും മദ്ധ്യത്തിൽ ജനങ്ങളെ ശുശ്രൂഷിക്കുവാൻ സുവിശേഷകർക്ക് അവസരോചിതമായ പരിശീലനം നൽകുമെന്നും ക്രിസ്തുവിലുള്ള ആഴമേറിയ വിശ്വാസം കോളജിന്റെ മുഖമുദ്രയായിരിക്കുമെന്നും ആരാധന, സുവിശേഷീകരണം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുമെന്നും ദൈവദാസൻ പറഞ്ഞു. പാസ്റ്റർ ബിജു ബഞ്ചമിൻ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ എബി ജോർജ്ജ്, സുവി. കെ. എസ് രാജൻ, ബ്രദർ ജോൺ ഐവർകാല എന്നിവർ ആശംസകൾ അർപ്പിച്ച്സംസാരിച്ചു. പാസ്റ്റർ സുമേഷ് പി. ലാസർസ്വാഗതവും, പാസ്റ്റർ ബോബി പി. ജോൺ നന്ദിയും പറഞ്ഞു.

## വിവാഹിതരായി

കമുകുംചേരി ഐ.പി.സി. സഭാംഗവും പത്തനാപുരം കമുകുംചേരി കല്ലുകുഴി വീട്ടിൽ ബ്രദർ ജി. തോമസ്സിന്റെയും സിസ്റ്റർ അന്നമ്മ തോമസിന്റെയും മകൻ ജയൻ തോമസ്സും അടൂർ ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭാംഗവും മണക്കാല പുളിവിളയിൽ ബ്രദർ ഡി. ജോസഫിന്റെയും സിസ്റ്റർ സോഫിയാ ജോസഫിന്റെയും മകൾ ജെസ്സിയും തമ്മിലുള്ള വിവാഹം ജൂൺ 19ന് പിടവൂർ വല്യാനേത്ത് ഓഡിറ്റോറിയത്തിൽ വച്ച് ഐ.പി.സി. പുനലൂർ സെന്റർ പാസ്റ്റർ ജെയിംസ് അലക്സാണ്ടറുടെ കാർമ്മികത്വത്തിൽ നടന്നു.



വരിസംഖ്യ നിരക്ക്
ഒരുവർഷത്തേക്ക്

| | |
|---|---|
| ഇന്ത്യയിൽ | :36 രൂപ |
| ഗൾഫ് | :300 രൂപ |
| യു.എസ് | :10 $ |
| കാനഡ | :10 $ |

### ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*–പത്രാധിപർ*

എഡിറ്റോറിയൽ ബോർഡ്
ചീഫ് എഡിറ്റർ
പാസ്റ്റർ എം. സാമുവൽകുട്ടി
അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി
പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വിശ്വാസി അറിഞ്ഞിരിക്കേണ്ടവ

# വിശ്വാസിയും സൽപ്രവൃത്തികളും



**പാസ്റ്റർ ബിജു തങ്കച്ചൻ**
**മുംബൈ**

**സ്വ**ർഗ്ഗത്തിലെ സകല ആത്മീയനുഗ്രഹത്താലും അനുഗ്രഹിക്കപ്പെട്ടിരിക്കുന്ന വിശ്വാസികളാണ് എഫസോസിൽ ഉള്ള വിശുദ്ധന്മാർ. ക്രിസ്തുവിലൂടെ ലഭിച്ച ആത്മീയ അനുഗ്രഹങ്ങളെ കുറിച്ച് വിശദമായി പ്രഥമ അദ്ധ്യായത്തിൽ അപ്പോസ്തലൻ വിവരിച്ച് അവരുടെ പ്രത്യാശയെ ഉറപ്പിച്ചു. ഹൃദയദൃഷ്ടി പ്രകാശിച്ച് വിളിയാലുള്ള ആശയും അവകാശത്തിന്റെ മഹിമാധനവും നമ്മിൽ വ്യാപരിക്കുന്ന ശക്തിയുടെ അളവറ്റ വലിപ്പവും ഗ്രഹിച്ച് യാത്ര ചെയ്യുവാൻ പൗലോസ് അവരെ പ്രബോധിപ്പിച്ചു.

എന്നാൽ രണ്ടാം അധ്യായത്തിലേക്ക് വരുമ്പോൾ വിഷയം മാറി. അവരുടെ കഴിഞ്ഞകാല അവസ്ഥകളെ വ്യക്തമാക്കി എവിടെ നിന്നാണ് ദൈവം അവരെ വിടുവിച്ചത് എന്ന് ഓർമ്മിപ്പിക്കുകയാണ്. ദൈവത്തിന്റെ കരുണയാലും മഹാസ്നേഹത്താലും അവൻ നമ്മെ വീണ്ടെടുത്തു. അവസ്ഥകൾക്ക് മാറ്റം തന്നു. രക്ഷ ദാനം നൽകി. കൃപയാൽ നടത്തുന്നു. എന്നാൽ വിശ്വാസികൾ ശ്രദ്ധിക്കേണ്ട ഒരു വസ്തുത കൂടി പറഞ്ഞാണ് ആ ഭാഗം പൗലൊസ് അവസാനിപ്പിക്കുന്നത് (എഫെസ്യർ 2:10)

നാം അവന്റെ കൈപ്പണിയാണെന്നും സൽപ്രവൃത്തികൾക്കായിട്ടാണ് ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നും ഒരു വിശ്വാസി ഓർത്തിരിക്കണം. ഉടഞ്ഞ പാത്രമായിരുന്ന നമ്മെ കർത്താവ് പണിത് മനോഹര പാത്രമാക്കി. തിരസ്കരിക്കപ്പെട്ട നമ്മെ മാനപാത്രമാക്കി. നാം സൽപ്രവൃത്തികൾ മുടക്കം കൂടാതെ ചെയ്യേണം. നാം സൽപ്രവൃത്തികൾ ചെയ്യുന്നത് ഔദാര്യമല്ല മറിച്ച് നമ്മുടെ കർത്തവ്യവും കടമയുമാണ്. അതിനായിട്ടാണ് ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നത്. നന്മ ചെയ്കയിൽ നാം മടുത്തുപോകരുത് (ഗലാത്യർ 6:9). എല്ലാവർക്കും വിശേഷാൽ സഹവിശ്വാസികൾക്കു നന്മ ചെയ്യേണം(ഗലാത്യർ 6:10). കാരണം വിതയ്ക്കുന്നതാണ് നാം കൊയ്യുന്നത്. നന്മ മടുത്തുപോകാതെ വിതച്ചാൽ തക്കസമയത്ത് നന്മ കൊയ്യുവാൻ കഴിയും.

എല്ലാ മതങ്ങളും നന്മ ചെയ്യണം എന്ന പഠിപ്പിക്കുന്നു. മതപരമായ പഠനങ്ങളിൽ അത് വ്യക്തവുമാണ്. നന്മ പ്രവൃത്തികളുടെ ഒരു വശം എല്ലാ മതഗ്രന്ഥങ്ങളിലും ദൃശ്യമാണ്. ഇതര മതങ്ങളെല്ലാം നന്മ ചെയ്യണം എന്ന് പറയുമ്പോൾ നാം നന്മ പ്രവൃത്തികൾക്കായിട്ടാണ് സൃഷ്ടിക്കപ്പെട്ടത് എന്ന് വേദപുസ്തകം പറയുന്നു. നമ്മെ ക്രിസ്തുവിലൂടെ പുതിയ സൃഷ്ടിയാക്കിയതു തന്നെ സൽപ്രവൃത്തികൾക്കായിട്ടാണ്.

ക്രേത്തയിലുള്ള സഭയിൽ ക്രമംകെട്ട പല അനുഭവങ്ങളും ഉണ്ടായിരുന്നു. ക്രമീകരിക്കപ്പെടേണ്ട കാര്യങ്ങൾ ക്രമീകരിക്കുവാൻ പൗലൊസ് തീത്തോസിനെ അവിടെ ആക്കി വച്ചു എങ്കിലും വലിയ വെല്ലുവിളികൾ തീത്തോസിനു നേരിടേണ്ടി വന്നു(തീത്തോസ് 1:5).

വെറുതെ വാചകമടിച്ചും അരുതാത്തത് ഉപദേശിച്ച് കുടുംബങ്ങളെ കലക്കിയും അസത്യത്തെ സത്യമാക്കാനായി വാദിച്ചും വ്യർത്ഥമായി ജീവിതം കഴിക്കുന്ന ഒരു കൂട്ടർ. വയറുനിറയെ വല്ലതും കഴിച്ച് വെറുതെ അഭിപ്രായവും പറഞ്ഞുകൊണ്ടിരിക്കണം എന്നല്ലാതെ ഈ മടിയന്മാർ ഒരു നല്ല കാര്യത്തിനും കൊള്ളരുതാത്തവരായിരുന്നു. പ്രയോജന പ്രദമായി ഒന്നും ചെയ്യുകയുമില്ല മറ്റുള്ളവർ ചെയ്യാൻ സമ്മതിക്കുകയും ഇല്ലാത്തവർ. സ്വയം അസ്വസ്ഥരായും സഭക്കും സമൂഹത്തിനും അസ്വസ്ഥത സൃഷ്ടിച്ചും ജീവിക്കാതെ സൽപ്രവൃത്തികളിൽ ശ്രദ്ധിക്കുവാൻ അവരെ ഓർമ്മിപ്പിക്കണം എന്ന് പൗലൊസ് തീത്തോസിനെ ലേഖനദ്വാരാ പ്രബോധിപ്പിക്കുന്നു.

> **ഇതര മതങ്ങളെല്ലാം നന്മ ചെയ്യണം എന്ന് പറയുമ്പോൾ നാം നന്മ പ്രവൃത്തികൾക്കായിട്ടാണ് സൃഷ്ടിക്കപ്പെട്ടതെന്ന് വേദപുസ്തകം പറയുന്നു. നമ്മെ ക്രിസ്തുവിലൂടെ പുതിയ സൃഷ്ടിയാക്കിയതു തന്നെ സൽപ്രവൃത്തികൾക്കായിട്ടാണ്. നാം സൽപ്രവൃത്തികൾ ചെയ്യുന്നത് ഔദാര്യമായിട്ടല്ല മറിച്ച് നമ്മുടെ കർത്തവ്യവും കടമയുമാണ്. ആകയാൽ നന്മ ചെയ്കയിൽ നാം മടുത്തു പോകരുത്**

സൽപ്രവൃത്തികളിൽ ശ്രദ്ധിക്കയും വ്യർത്ഥകാര്യങ്ങളെ വിട്ടുകളയുകയും ചെയ്യുവാൻ വിശ്വാസിക്ക് കഴിയണം. സൽപ്രവൃത്തികൾക്ക് മാതൃകയായിരിക്കുക(തീത്തോസ് 2:7),സൽപ്രവൃത്തികൾക്ക് ശുഷ്കാന്തിയുള്ളവരായിരിക്കുക(2:4),സൽപ്രവൃത്തികൾക്കായി ഒരുങ്ങിയിരിക്കുക(3:1), സൽപ്രവൃത്തികളിൽ ഉത്സാഹികളായിരിക്കുക(3:8), സൽപ്രവൃത്തികൾക്ക് മുമ്പരായിരിക്കുക(3:14) എന്നിങ്ങനെ അവരെ പ്രബോധിപ്പിക്കയും സൽപ്രവൃത്തികളിൽ മുന്നേറുവാൻ അവരെ പഠിപ്പിക്കുകയും ചെയ്യാൻ പൗലൊസ് തീത്തോസിനെ ഓർമ്മിപ്പിക്കുന്നു. ക്രേത്തരുടെ ഇപ്പോഴത്തെ സ്വഭാവവൈകല്യങ്ങളും അനാത്മിക പ്രവണതകളും കണ്ട് നിരാശപ്പെടാതെ മാതൃകാപരമായ ജീവിതവും ആഴമേറിയ വചനശുശ്രൂഷയും ഗൗരവത്തോടെയുള്ള ഉപദേശങ്ങളും വഴി അവരെ സൽപ്രവൃത്തികൾക്കായി ഒരുക്കിയെടുക്കണം എന്ന ദൗത്യം തീത്തോസിനെ പൗലൊസ് ഭരമേൽപ്പിക്കയാണ്.

നാം സൽപ്രവൃത്തികൾക്കായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന ബോധ്യത്തിൽ ജീവിക്കുകയും വ്യർത്ഥകാര്യങ്ങളിൽ നിന്ന് ഒഴിഞ്ഞിരിക്കയും ചെയ്യാൻ വിശ്വാസിക്ക് കഴിഞ്ഞാൽ ജീവിതം അർത്ഥപൂർണ്ണമാകും. അനേകർ ആശ്വാസം പ്രാപിക്കും. ദൈവസഭ അനുഗ്രഹിക്കപ്പെടും, ദൈവനാമം മഹത്വപ്പെടും. ✹

pastorbijuthankachan@gmail.com

# വിശ്വാസവീരന്റെ പ്രത്യാശ

(നാലാം പേജിൽ നിന്നും തുടർച്ച)

മനത്തിൽ നീതിയുള്ള ന്യായാധിപതിയായി നാം അവനെ കാണും. ആകയാലത്രെ, “ഞാനോ നീതിയിൽ നിന്റെ മുഖത്തെ കാണും” എന്നു എഴുതിയിരിക്കുന്നത്.

നമ്മുടെ കർത്താവിന്റെ ക്രൂശുമരണത്തിൽ ജനം അവന്റെ മുഖത്തു തുപ്പി. കണ്ടാൽ ആളല്ല എന്നു തോന്നുമാറ് അവന്റെ മുഖം വിരൂപമായിരുന്നു. “അടിക്കുന്നവർക്കും ഞാൻ എന്റെ മുതുകും, രോമം പറിക്കുന്നവർക്ക് എന്റെ കവിളും കാണിച്ചുകൊടുത്തു. എന്റെ മുഖം നിന്ദയ്ക്കും തുപ്പലിനും മറച്ചിട്ടുമില്ല” എന്നു യെശയ്യാവ് 50:6ൽ നാം വായിക്കുന്നു. എന്നാൽ, അവന്റെ മടങ്ങിവരവിങ്കൽ തിരുമുഖം ദിവ്യതേജസ്സുകൊണ്ടു പ്രകാശിക്കും. അക്ഷതയും അദ്രത്വവും പ്രാപിച്ച വിശുദ്ധന്മാർ തേജസ്സിൽ യേശുവിന്റെ പൊന്മുഖം കാണും. അവൻ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കയും ചെയ്യും. നമ്മുടെ കർത്താവിന്റെ മടങ്ങിവരവിന്റെ സമയം നാം അറിയായ്കയാൽ സദാകാലവും ഉണർന്നും പ്രാർത്ഥിച്ചും ജീവിക്കേണ്ടതാകുന്നു. “നിങ്ങളുടെ കർത്താവു ഏതു ദിവസത്തിൽ വരും എന്നു നിങ്ങൾ അറിയായ്കകൊണ്ട് ഉണർന്നിരിപ്പിൻ”(മത്താ. 24:42). “ആകയാൽ നാളും നാഴികയും നിങ്ങൾ അറിയായ്ക കൊണ്ട് ഉണർന്നിരിപ്പിൻ” (മത്താ.25:13). എല്ലാവരും ഉറക്കം പിടിച്ചു മയങ്ങിയപ്പോഴാണ് മണവാളൻ വരുന്നു എന്ന ആർപ്പുവിളി ഉണ്ടായത്. ഒരുങ്ങിയിരുന്നവർ മാത്രമേ അവനോടുകൂടെ കല്യാണ സദ്യയിൽ പ്രവേശിച്ചുള്ളു. നമ്മെ വിട്ടു സ്വർഗ്ഗാരോഹണം ചെയ്ത യേശു, പോയതുപോലെ മടങ്ങിവരും എന്നു നാം വിശ്വസിക്കുന്നു. ആ ശുഭദിനത്തിനായ് കാത്തുകൊണ്ട് സർവ്വസൃഷ്ടിയും ഒരുപോലെ ഞരങ്ങി ഈറ്റുനോവോടെ ഇരിക്കുന്നു (റോമ.8:22). സർവ്വഭൂമിയും അവന്റെ തേജസ്സുകാണും. ഭക്തനായ ഇയ്യോബിനോടൊപ്പം നാമും അവന്റെ തേജസ്സുകാണും.

ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും എന്നു യേശുക്രിസ്തു തന്റെ ഗിരിപ്രഭാഷണത്തിൽ പറഞ്ഞിട്ടുണ്ട് (മത്താ. 5:8). മാനവഹൃദയം സകലവിധ പാപങ്ങളാലും നിറയപ്പെട്ടതാണ് (ഉൽപ. 6:5, യിരെ.17:19, മർക്കൊ. 7:20–23). നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിക്കേണമേ എന്നു ദാവീദ് പ്രാർത്ഥിച്ചു (സങ്കീ. 51:10). യേശുക്രിസ്തു ക്രൂശിൽ ചൊരിഞ്ഞ രക്തം കൊണ്ടല്ലാതെ മറ്റുയാതൊരു ഉപാധികൊണ്ടും മനുഷ്യ ഹൃദയത്തെ ശുദ്ധീകരിപ്പാൻ കഴിയുന്നതല്ല. ശുദ്ധീകരിക്കപ്പെട്ട ഹൃദയത്തിൽ ക്രിസ്തുവും, തിരുവചനവും, പരിശുദ്ധാത്മാവും വസിക്കണം (എഫെ. 3:17; സങ്കീ.119:11; ഗലാ. 4:6). ഹൃദയത്തിൽ അശുദ്ധി കയറാതെ സകല ജാഗ്രതയോടും കൂടി കാത്തുകൊണ്ടാൽ, അങ്ങനെയുള്ളവർക്ക് തിരുമുഖം കാണുവാൻ കഴിയും (സദൃശ്യ. 4:23). യേശുവിന്റെ തിരുരക്തത്താൽ കഴുകപ്പെട്ട വിശുദ്ധന്മാർ സ്വർഗ്ഗത്തിൽ എത്തിയാൽ അവർക്കു കാണുവാൻ കൗതുകമുള്ള കാഴ്ചകൾ വളരെയാണ്.അവർക്കു പാർക്കുവാനുള്ള വാസസ്ഥലങ്ങൾ ഉണ്ട്. അവർക്കായി ഒരുക്കിയ കിരീടങ്ങൾ ഉണ്ട്. വിവിധ പ്രതിഫലങ്ങൾ ഉണ്ട്. തങ്ങൾക്കു മുമ്പായി അക്കരയ്ക്കുപോയ നിരവധി വിശുദ്ധന്മാർ ഉണ്ട്. എന്നാൽ, അവരെ ഒക്കെയും കാണുന്നതിൽ ഉപരിയായി, തങ്ങളുടെ വീണ്ടെടുപ്പുകാരനും രക്ഷകനുമായ കർത്താവിനെ കാണുമ്പോഴാണ് അവർക്കു സംതൃപ്തിയുണ്ടാകുന്നത്. “ഞാൻ ഉണരുമ്പോൾ നിന്റെ രൂപം കണ്ടു തൃപ്തനാകും.”

ദൈവത്തെ അവന്റെ മുഴുമഹത്വത്തോടെ ആരും ഇതേവരെ കണ്ടിട്ടില്ല (യോഹ. 1:18). ആർക്കും അവനെ കാണുവാൻ കഴിയുന്നില്ല. അവൻ അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നു (1തിമൊ. 6:16). മോശയ്ക്കു പ്രത്യേകം വ്യവസ്ഥയിൽ അവന്റെ പിൻഭാഗം മാത്രമേ കാണുവാൻ കഴിഞ്ഞുള്ളു (പുറ. 33:17–23). എന്നാൽ, യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ കഴുകപ്പെട്ട വിശുദ്ധന്മാർ അവന്റെ തിരുമുഖം ദർശിക്കും. സാറാഫുകൾ ചിറകുകൾ കൊണ്ട് മുഖം മൂടി ആരാധിക്കുന്ന ദൈവത്തെ, അവന്റെ വിശുദ്ധന്മാർ മുഖാമുഖമായി കണ്ടു ആരാധിക്കും (യെശ.6:1–3; വെളി. 22:3,4; 1യോഹ. 3:2). നാം അവനെ താൻ ഇരിക്കും പോലെ തന്നെ കാണുന്നതാക കൊണ്ട് അവനോടു സദൃശ്യന്മാർ ആകും. ഈ പ്രത്യാശയുള്ളവർ തങ്ങളെത്തന്നെ വിശുദ്ധീകരിക്കട്ടെ.

ഇന്നു വിശുദ്ധന്മാർ പ്രാർത്ഥനയിലൂടെയും ദർശനത്തിലൂടെയും തിരുമുഖത്തിന്റെ രൂപം ഒരളവിൽ മാത്രം കാണുന്നു. എന്നാൽ, അന്നു പൂർണ്ണമായ രൂപത്തിൽ നാം അവനെ കാണും. നിരീശ്വരവാദികളും യുക്തിവാദികളും ദൈവത്തിന്റെ അസ്തിത്വത്തെ നിഷേധിക്കുന്നു. ദൈവം ഇല്ലാ എന്നു മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു. അവർ വഷളന്മാരായി മ്ലേച്ഛത പ്രവർത്തിക്കുന്നു, ഇപ്പോൾ നമ്മുടെ മാസംസക്കണ്ണുകൾ കൊണ്ട് ദൈവത്തെ കാണുവാൻ കഴിയുന്നില്ല. എന്നാൽ, വിവിധ ഉപാധികളിലൂടെ ദൈവം തന്നെ ലോകത്തിനു വെളിപ്പെടുത്തിയിട്ടുണ്ട്. ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു. ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു (സങ്കീ. 19:1). പ്രപഞ്ചവും പ്രകൃതിയുടെ നിയമങ്ങളും മനസ്സാക്ഷിയും ദൈവവചനവും യേശുക്രിസ്തുവും ദൈവസഭയും എല്ലാം ദൈവത്തെക്കുറിച്ചുള്ള സാക്ഷ്യം ലോകത്തിന് നൽകുന്നുണ്ട് (റോമർ 1:18–23).

കഠിനശോധനയുടെ നടുവിൽ ഇയ്യോബിനെ നിലനിർത്തിയത്, ഞാൻ ദേഹസഹിതനായി എന്റെ ദൈവത്തെ കാണും. അന്യനല്ല, സ്വന്തകണ്ണു കൊണ്ടുതന്നെ അവനെ കാണും എന്ന പ്രത്യാശയാണ്. പുനരുത്ഥാനം പ്രാപിക്കുന്ന വിശുദ്ധന്മാർക്കു ഒരു ശരീരം ഉണ്ടായിരിക്കും എന്നും, കണ്ണും കാതും ഉൾപ്പടെ സകലവിധ അവയവങ്ങളും ഉണ്ടായിരിക്കും എന്നും ഈ വാക്യംകൊണ്ടു തെളിയുന്നു. നാം മരിക്കുമ്പോൾ മൃതശരീരത്തിന്റെ കണ്ണുകൾ തനിയെ അടയുകയോ മറ്റുള്ളവർ തിരുമി അടയ്ക്കുകയോ ചെയ്തേക്കാം. അപ്രകാരം പുറമേയുള്ള കണ്ണുകൾ അടഞ്ഞിരുന്നാലും അകമേയുള്ള ഉൾക്കണ്ണു തുറന്നിരിക്കും എന്നും മറ്റൊരു ലോകത്തിൽ സകലതും കാണുവാനും കേൾക്കുവാനും ഓർക്കുവാനും കഴിയും എന്നും ലാസറിന്റെയും ധനവാന്റെയും ചരിത്രം നമ്മെ ഓർമ്മപ്പെടുത്തുന്നു. ഇയ്യോബിന്റെ പ്രസ്താവനയും ഈ വിഷയം സ്ഥിതീകരിക്കുന്നു.

ശേബാ രാജ്ഞി ശലോമോന്റെ മഹത്വത്തെക്കുറിച്ച് കേട്ടിരുന്നതേയുള്ളു. നേരിൽ കണ്ടപ്പോഴാണ് അത്ഭുതം കൂറിയത്. അതുപോലെ നാമും നമ്മുടെ സ്വർഗ്ഗസ്ഥ പിതാവിനെ ഇതേവരെ നേരിൽ കണ്ടിട്ടില്ല. അന്യനല്ല, സ്വന്തകണ്ണുകൊണ്ടു നാം അവനെ കാണുമ്പോൾ നമ്മുടെ സന്തോഷം പറഞ്ഞറിയിക്കാവുന്നതിലും വലുതായിരിക്കും. മറപൊരുളായി നിന്നുകൊണ്ട് ദൈവം ഇയ്യോബിനോട് സംസാരിച്ചപ്പോൾ “ഞാൻ നിന്നെക്കുറിച്ചു ഒരു കേൾവി മാത്രം കേട്ടിരുന്നുള്ളു, ഇപ്പോഴോ, എന്റെ കണ്ണാൽ നിന്നെ കാണുന്നു” എന്നു പറഞ്ഞു അത്ഭുതപ്പെട്ടു (ഇയ്യോബ് 42:4).

വിശാലമായ ഒരു ദേശത്തു നാം എത്താറായി. നമ്മുടെ കണ്ണു നമ്മുടെ രാജാവിനെ അവന്റെ സൗന്ദര്യത്തോടെ ദർശിക്കുവാനുള്ള സമയം അടുത്തുവരുന്നു! ആയതിനായി ഒരുങ്ങുവിൻ! നിന്റെ ദൈവത്തെ എതിരേൽപ്പാൻ ഒരുങ്ങികൊൾക (യെശയ്യാവ് 33:17).

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

POSTAL REGN.NO.D L 07 / 0138 / 12 - 14
NEWSPAPER REGN. No. 65362 / 97
*Price Rs. 3/-*

Tel : 011- 27658810, Fax : 91-11-27658810, e-mail : icm4india@yahoo.com, website- www.indianchristianmission.com

## വിശ്വാസവീരന്റെ പ്രത്യാശ

*"എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു എന്നും, അവൻ ഒടുവിൽ പൊടിമേൽ നിൽക്കുമെന്നും ഞാൻ അറിയുന്നു. എന്റെ ത്വക്ക് ഇങ്ങനെ നശിച്ച ശേഷം ഞാൻ ദേഹസഹിതനായി ദൈവത്തെ കാണും. ഞാൻ തന്നെ അവനെ കാണും; അന്യനല്ല, എന്റെ സ്വന്തകണ്ണു അവനെ കാണും" (ഇയ്യോബ് 19:25-27).*



പാസ്റ്റർ കെ. ജോയി
ന്യൂഡൽഹി

ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു എന്നും, എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചം ഉള്ളവൻ ആകും എന്നും ഒരിക്കൽ യേശുനാഥൻ പറഞ്ഞിട്ടുണ്ട് (യോഹന്നാൻ 8:12). അങ്ങനെയെങ്കിൽ യേശു എനിക്കു സ്വന്തമാണെന്നു പറയുന്നവന് ഭീകര രാത്രിയിലും ദിവ്യപ്രകാശം ലഭിക്കുന്നു. അവൻ മരണം നീങ്ങി ജീവങ്കലേക്കു കടന്നിരിക്കുന്നു. ഭോക്താവിൽ നിന്നു ഭോജനവും, മല്ലനിൽ നിന്നും മധുരവും പുറപ്പെട്ടതുപോലെ, ഇരുട്ടിൽ നിന്നും വെളിച്ചവും മരണത്തിൽ നിന്ന് ജീവനും ആസ്വദിക്കുന്ന ഒരു കൂട്ടരാണ് രക്ഷാനിർണ്ണയം പ്രാപിച്ചവൻ, അഥവാ വീണ്ടെടുപ്പുകാരനെ സ്വായത്തമാക്കിയവർ ചതഞ്ഞ ഓട ഒടിച്ചുകളയാത്തവൻ, പുകയുന്ന തിരിയെ കെടുത്തി കളയാത്തവൻ, ഭക്തന്റെ വാക്കുകളിൽ മുദ്രകുത്തി. ഇയ്യോബിന്റെ പുസ്തകം വായിക്കുമ്പോൾ അനുവാചകരുടെ അന്തരംഗത്തിൽ സാധാരണമായി ഉണ്ടാകുന്ന കാർമേഘപടലങ്ങൾ, വിചിന്തന വാക്യം വായിക്കുമ്പോൾ വഴിമാറിക്കൊടുക്കുന്നു. ദിവ്യപ്രകാശത്തിന്റെ കിരണങ്ങൾ തൽസ്ഥാനത്തു ഹൃദയത്തിൽ നിറയ്ക്കുന്നു. കാറ്റു അടിച്ചു ഉലയുന്ന കടൽ തിരയ്ക്കു സമനായ ഒരു സംശയാലുവോ ഭീരുവോ ഈ ഭാഗം വായിക്കുന്നു എങ്കിൽ അവന്റെ സംശയവും ഭീരുത്വവും നീങ്ങി ഒരു സ്ഥിരമാനസനായി മാറുവാൻ ഇടയാകുന്നു. യഹോവയിൽ ആശ്രയിക്കുന്നവൻ കുലുങ്ങാതെ എന്നേക്കും നിൽക്കുന്ന സീയോൻ പർവ്വതം പോലെയാകുന്നു എന്ന തിരുവചനം ഈ ഭക്തന്റെ ജീവിതം പാരായണം ചെയ്യുമ്പോൾ അന്വർത്ഥമായി പരിണമിക്കുന്നു. സന്താപസാഗരത്തിൽ താഴോട്ടു താഴുന്ന നരൻ ഈ ഭാഗം വായിക്കുമ്പോൾ പ്രത്യാശയുടെ നങ്കൂരത്തിൽ പിടിച്ചു നിൽക്കുവാനും, കരകയറുവാനും സാധിക്കുന്നു. അതിശ്രേഷ്ഠ അപ്പൊസ്തലനായ പൗലൊസിന്റെ ഒരു പ്രസ്താവന കൂടി ഈ പശ്ചാത്തലത്തിൽ ചിന്തിക്കുന്നത് അനുയോജ്യമെന്നു കരുതുന്നു, ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നു അറിയുന്നു. അവൻ എന്റെ ഉപനിധി ആ ദിവസം വരെ സൂക്ഷിപ്പാൻ ശക്തൻ എന്നു ഉറച്ചുമിരിക്കുന്നു (2തിമൊ.1:12). സമാധാനം ഇല്ലാതിരിക്കെ സമാധാനം-സമാധാനം എന്നു പറഞ്ഞുകൊണ്ട് ജനത്തെ വഞ്ചിക്കുന്ന കള്ളപ്രവാചകന്മാരും ദുരുപദേഷ്ടാക്കളും വർദ്ധിച്ചുവരുന്ന ഈ ലോകത്തിൽ നമ്മുടെ വീണ്ടെടുപ്പുകാരനായ ക്രിസ്തു നൽകുന്ന സമാധാനവും പ്രത്യാശയും വിലയേറിയതാകുന്നു!

മൂന്നാമതായി വിചിന്തന വാക്യം ഭക്തന്റെ പ്രത്യാശയുടെ സ്ഥിരതയെ അനുസ്മരിപ്പിക്കുന്നു. "ഞാൻ തന്നെ അവനെ കാണും, അവൻ ഒടുവിൽ പൊടിമേൽ നിൽക്കും എന്നും ഞാൻ അറിയുന്നു" പ്രസ്താവനയാണ് ഇനിയും നമ്മുടെ വിചിന്തനത്തിനു വിഷയമാക്കുന്നത്. നമ്മുടെ കർത്താവു സ്വർഗ്ഗമഹിമകളെ വിട്ടു ഈ ഭൂമിയിൽ മനുഷ്യനായി അവതരിച്ച ആദ്യവരവിന്റെ കാര്യമാണ് ഇയ്യോബ് ഉദ്ദേശിക്കുന്നത് എന്നു ചിലർ കരുതുന്നു. കർത്താവിന്റെ ക്രൂശുമരണ സമയത്തു നിദ്രപ്രാപിച്ച വിശുദ്ധന്മാരുടെ ശരീരങ്ങൾ പലതും ഉയർത്തെഴുന്നേറ്റ കൂട്ടത്തിൽ ഇയ്യോബും ഉയർത്തു എന്നും അപ്പോൾ അവൻ കർത്താവിനെ നേരിൽ കണ്ടു എന്നും, അക്കാര്യമാണ് അടുത്തവാക്യത്തിൽ പറയുന്നതെന്നും ധരിച്ചു വച്ചിരിക്കുന്ന ആളുകൾ ഉണ്ട് (മത്താ. 27:50-53). ഈ ധാരണയ്ക്കു ഉപോൽബലകമായി മറ്റു വേദഭാഗങ്ങൾ ഇല്ലാത്തതിനാൽ മേൽപ്പറഞ്ഞ ധാരണയെ നീതീകരിപ്പൻ ആവില്ല. എന്നാൽ, ഭൂമിയിലെ സകല വിശുദ്ധന്മാരും, സർവ്വസൃഷ്ടികളും ഒന്നുപോലെ കാത്തിരിക്കുന്ന നമ്മുടെ കർത്താവിന്റെ പുനരാഗമനത്തേയും മഹത്വപ്രത്യക്ഷതയേയും നന്നായി ചിത്രീകരിക്കുന്നഒരു വേദഭാഗമാണ് ഇതെന്നു വിശ്വസിക്കുവാൻ ധാരാളം ന്യായങ്ങൾ ഉണ്ട്. നമ്മുടെ വീണ്ടെടുപ്പുകാരന്റെ ഒന്നാം വരവിങ്കൽ അവന്റെ പരിശുദ്ധ പാദങ്ങൾ ഈ ഭൂമിയിലെ പൊടിമേൽ നിന്നു എന്നതു പരമാർത്ഥമാണ്. എന്നാൽ, മരിച്ചുയർത്തെഴുന്നേറ്റ വിശുദ്ധന്മാർ നമ്മുടെ കർത്താവിനെ സ്വന്തകണ്ണുകൊണ്ടു മുഖാമുഖമായി കാണുന്നത് അവന്റെ പുനരാഗമനത്തിൽ ആയിരിക്കും. വിചിന്തന വാക്യത്തിൽ 'ഒടുവിൽ' എന്നു പറഞ്ഞിരിക്കുന്നത് "Latter Day" അന്ത്യനാളിൽ എന്നത്രെ ഇംഗ്ലീഷ് പരിഭാഷ. അന്ത്യകാഹളനാദത്തിങ്കൽ മരിച്ചവർ അക്ഷയരായി ഉയർക്കുമ്പോൾ ഇയ്യോബും ഉയർത്തെഴുന്നേറ്റു സ്വന്തകണ്ണുകൊണ്ടു തന്നെ തിരുമുഖം കാണും എന്നതു തീർച്ച. "ഞാൻ ഉണരുമ്പോൾ നിന്റെ രൂപം കണ്ടു തൃപ്തനാകും" എന്നു ദാവീദ് പറയുന്നുവല്ലൊ (സങ്കീ.17:15). ഈ കൃപായുഗത്തിൽ നാം അവനെ കൃപാപൂർണ്ണനായി കാണുന്നു. പുനരാഗ

(ശേഷം മൂന്നാം പേജിൽ)

## തിമഥി ഇൻസ്റ്റിറ്റ്യൂട്ട്: ത്രിദിന പരിശീലന ക്യാമ്പ്

**തിരുവല്ല:** കുട്ടികളുടെ ഇടയിലെ ശുശ്രൂഷകളായ ചിൽഡ്രൻസ് ക്ലബ്ബ്, സണ്ടേസ്കൂൾ, കിഡ്സ് വർഷിപ്പ് എന്നിവക്ക് പരിശീലനം നൽകുന്ന ത്രിദിന പരിശീലന പരിപാടി തിമഥി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ കേരളത്തിൽ കൊല്ലം, കോട്ടയം, പാലക്കാട് ജില്ലകളെ കേന്ദ്രീകരിച്ച് സംഘടിപ്പിക്കുന്നു.

കുട്ടികളുടെ ഇടയിൽ അനുഗ്രഹീത നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അവാനാ (AWANA – Approved Workers Are Not Ashamed) അന്തർദ്ദേശിയ പരിശീലന വിഭാഗത്തിന്റെ സഹകരണത്തോടെയാണ് പ്രോഗ്രാം നടത്തുന്നത്.

കൊല്ലം ചവറ ശ്രേയസ് ക്യാമ്പ് സെന്ററിൽ വച്ച് ജൂലൈ 24,25,26 തീയതികളിലും, കോട്ടയം മാങ്ങാനം ക്രൈസ്തവാശ്രമത്തിൽ സെപ്റ്റംബർ 4,5, 6 തീയതികളിലും, പാലക്കാട് ഷാലോം ഗ്ലോബൽ സ്കൂളിൽ ഒക്ടോബർ 2,3,4 തീയതികളിലും നടക്കും. കൂടാതെ മുൻ വർഷത്തെ ട്രെയിനിങ്ങുകളുടെ ഫോളോഅപ് പ്രോഗ്രാമുകൾ ആലുവ വൈ.എം.സി.എ യിൽ ആഗസ്റ്റ് 6നും, തിരുവനന്തപുരം മണ്ണന്തല യുഹന്നാൻ മാർത്തോമ്മാ സ്റ്റഡി സെന്ററിൽ വച്ച് ആഗസ്റ്റ് 24 നും സംഘടിപ്പിച്ചിട്ടുണ്ട്.

വി.ബി.എസ്സ്, സൺഡേസ്ക്കൂൾ അദ്ധ്യാപകർ, യുവജന സഭാപ്രവർത്തകർ തുടങ്ങി കുഞ്ഞുങ്ങളുടെയും ബാലികാ ബാലന്മാരുടെയും ഇടയിൽ പ്രവർത്തിക്കാൻ സമർപ്പണമുള്ളവർക്ക് ഈ അന്തർദ്ദേശിയ നിലവാരമുള്ള ക്യാമ്പിൽ പങ്കെടുക്കാം.കുട്ടികളുടെ മന:ശാസ്ത്രം, പാഠം തയ്യാറാക്കുന്നത്, ഗാനപരിശീലനം, പാഠം പഠിപ്പിക്കുന്നത്, ഒരു കഥയെ പാഠമാക്കുന്നത്, വചനം പഠിപ്പിക്കുന്നത്, ഗെയിം എങ്ങനെ മനോഹരമായി നടത്താം മുതലായ വിഷയങ്ങൾ ദൃശ്യ മാദ്ധ്യമങ്ങളുടെ സഹായത്തോടെ പഠിപ്പിക്കുന്നു.

ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 പേർക്കായി പ്രവേശനം നിജപ്പെടുത്തിയിരിക്കുന്നു. ഒരു സഭയിൽ നിന്ന് താല്പര്യമുള്ള രണ്ടുപേർക്ക് സഭാശുശ്രൂഷകന്റെ ശുപാർശയോടുകൂടെ അപേക്ഷിക്കാം. വിജയകരമായി ട്രെയ്നിംഗ് പൂർത്തിയാക്കുന്നവർക്ക് പഠന സാമഗ്രികളും സർട്ടിഫിക്കറ്റും നൽകുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും ബന്ധപ്പെടുക: കൊല്ലം - 9947484828, കോട്ടയം - 9847129126, ഓഫീസ് - 9745647909, 9656217909

### വേദവിചാരം

## ദൈവ വചനത്തിന്റെ സാദ്ധ്യതകൾ



പാസ്റ്റർ ബിജു ബഞ്ചമിൻ
അടൂർ

മനുഷ്യവർഗ്ഗത്തിന് ദൈവം നൽകിയ നല്ല ദാനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ദൈവവചനമാണ്. വേദപുസ്തക വാക്യങ്ങളിൽ വചനം എന്നത് ദൈവേഷ്ടത്തെയോ, അവന്റെ വെളിപ്പാടിനെയോ, അവ വെളിപ്പെടുത്തുന്ന ക്രിസ്തീയ സുവിശേഷത്തെയോ സൂചിപ്പിക്കുന്നു എന്ന് എ.സി.ക്ളെയ്റ്റൻ അഭിപ്രായപ്പെടുന്നു. യോഹന്നാൻ എഴുതിയ ഗ്രന്ഥങ്ങളിലും വചനം എന്ന പദം മനുഷ്യനു ജീവനും വെളിച്ചവും നൽകി പിതാവിന്റെ ഇഷ്ടത്തെ പൂർണ്ണമായി വെളിപ്പെടുത്തുന്ന ആദ്യജാതനായ പുത്രനെ കുറിക്കുന്നു (ബൈബിൾ നിഘണ്ടു. തിരുവല്ല:CSS, 2001). പഴയ നിയമത്തിൽ വചനത്തെ കുറിക്കുന്ന എബ്രായ വാക്ക് ദബാർ 394 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. കൽപ്പന, പ്രവചനം,മുന്നറിയിപ്പ് തുടങ്ങി മനുഷ്യന് ദൈവത്തിൽ നിന്നും ലഭിക്കുന്ന ആശയ വിനിമയത്തെയാണ് ഈ പദം കുറിക്കുന്നത്. യവനായ പരിഭാഷയായ സെപ്റ്റുവജിന്റിൽ ദബാർ എന്ന എബ്രായ പദത്തിന് ലോഗോസ് എന്നും റീമാ എന്നും രണ്ട് പദങ്ങളിൽ പരിഭാഷപ്പെടുത്തിയിരിക്കുന്നു. ലോഗോസ് മുന്നൂറിലധികം പ്രാവശ്യവും റീമാ എഴുന്നൂറിലധികം പ്രാവശ്യവും പുതിയ നിയമത്തിൽ കാണുന്നു. (ജി.സുശീലൻ, ബൈബിൾ ശബ്ദ സാഗരം, GLS, 2006. പേജ് 1385) ദൈവീകമായ ആധികാരികതയിൽ അധിഷ്ഠിതമായ ദൈവത്തിന്റെ വ്യക്തിത്വത്തിന്റെ വിന്യാസമാണ് ദൈവവചനമെന്ന് ജെ.ബി.ടെയ്‌ലർ അഭിപ്രായപ്പെടുന്നു. ദൂതന്മാരും മനുഷ്യരും അത് കേൾക്കുവാനും അനുസരിക്കുവാനും ഒരു പോലെ കടപ്പെട്ടവരാണ് (സങ്കീ. 103: 20, ആവ 12:32). ദൈവത്തിന്റെ വചനം എന്നേക്കും നിലനിൽക്കുന്നതാണ്. ഒരിക്കൽ പുറപ്പെട്ടാൽ അത് തന്റെ പ്രവർത്തി തികയ്ക്കാതെ തിരികെ വരുന്നില്ല എന്നും തിരുവചനം പറയുന്നു. വചനത്തിന്റെ ദൈവശ്വാസീയത ബൈബിൾ ഉറപ്പിച്ച് പറയുന്നു. ദൈവശ്വാസീയത എന്ന വാക്കിന്റെ അർത്ഥം ദൈവത്തിന്റെ ശ്വസനം എന്നാണ്. ദൈവത്തിന്റെ ആത്മാവ് ദൈവ പ്രവർത്തികളുടെ ശക്തി കേന്ദ്രമാണ്. ആത്മനിയോഗത്തിന്റെ പരിപൂർണ്ണതയിൽ എത്തുന്ന മനുഷ്യൻ ദൈവവചനം ഒന്നും വിട്ട് കളയാതെ, ഒരു തെറ്റും ചേർക്കാതെ മനുഷ്യവചനം ഒന്നും കൂട്ടി ചേർക്കാതെ സാക്ഷാൽ ആകുന്നതുപോലെ ദൈവവചനമായി എഴുതുവാൻ ശക്തരായിത്തീർന്നു. റവ.എം.വി.ചാക്കോയുടെ അഭിപ്രായത്തിൽ ഇതിനെയാണ് ബൈബിളിന്റെ ദൈവശ്വാസീയത എന്ന് പറയുന്നത്. (എം.വി. ചാക്കോ. ദൈവശാസ്ത്രം. OM Books, പേജ് 45).

എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവർത്തിക്കും വക പ്രാപിച്ച് തികഞ്ഞവൻ ആകേണ്ടതിന് ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യസനത്തിനും പ്രയോജനമുള്ളത് ആകുന്നു(2 തിമൊ.3:16). ദൈവശ്വാസീയമായ ദൈവവചനം മനുഷ്യന്റെ ജീവിതത്തിൽചെയ്യുന്ന പ്രവർത്തികളുടെ സാദ്ധ്യതകളാണ് ഈ വചനത്തിൽ കാണുന്നത്. മനുഷ്യന് വെളിപ്പെട്ട് വന്ന ദൈവീക വിജ്ഞാനമാണ് വിശുദ്ധവചനം. അത് ഉപദേശത്തിനും, ശാസനത്തിനും, ഗുണീകരണത്തിനും, നീതിയിലുള്ള അഭ്യസനത്തിനും ഉപയുക്തമായ വചനമാണ്. ക്രിസ്തീയ ജീവിതത്തിന്റെ രൂപവും ഭാവവും ഗുണവും രൂപപ്പെടുത്തിയെടുക്കുന്ന മൂന്ന് ഘടകങ്ങളാണിവ. ഈ ഘടകങ്ങൾ ദൈവവചനത്തിലൂടെയാണ് നേടിയെടുക്കുന്നത്. എന്നത് നാം അറിഞ്ഞിരിക്കണം. അങ്ങനെ ക്രിസ്തീയ ജീവിതത്തിന്റെയും സ്വഭാവത്തിന്റെയും രൂപീകരണത്തിൽ ദൈവവചനത്തിന്റെ അതുല്യമായ അടിസ്ഥാനമാണ് ഇവിടെ പ്രകടമാകുന്നത്. ദൈവവചനം നമ്മുടെ ഹൃദയങ്ങളിൽ വരുത്തുന്ന ഈ രൂപീകരണങ്ങളാണ് ഈ ലേഖനത്തിന്റെ പ്രതിപാദ്യം.

**ഉപദേശത്തിനായി:** ദൈവഹിതം അറിയുവാനും, അതനുസരിച്ച് ജീവിക്കുവാനും അവയെ ഉപദേശിക്കുവാനും ദൈവവചനം അത്യന്താപേക്ഷിതമാണ്. സഭയിൽ പ്രസംഗം മാത്രമല്ല ഉപദേശം കൂടിയുണ്ട്. ദൈവശ്വാസീയമായ വചനം സഭയിൽ വേണ്ട ഉപദേശങ്ങൾ നമുക്ക് നൽകിത്തരുന്നു. യേശുകർത്താവ് മാത്രമാണ് ലോകത്തിന്റെ ഏക രക്ഷിതാവ് എന്ന സത്യം അത് വെളിപ്പെടുത്തുന്നു. നമ്മുടെ ജീവിതത്തിനും ശുശ്രൂഷയ്ക്കും അവശ്യമായ അടിസ്ഥാന ഉപദേശമായി ദൈവവചനം മാറുന്നു. ലൗകികമായ ജീവിത ധാർമ്മികതയും മൂല്യങ്ങളും തത്വങ്ങളും ദൈവവചനത്തിലെ സത്യങ്ങൾക്ക് മുന്നിൽ വഴിമാറുവാനും പരാജയപ്പെടുവാനുമിടയാകണം. ദൈവവചനത്തിലെ ഉപദേശ മർമ്മങ്ങളെ നമുക്ക് വെളിപ്പെടുത്തിത്തരുന്നത് ദൈവത്തിന്റെ പരിശുദ്ധാത്മാവാണ്. അതിനാൽ വചനത്തിന്റെ ഉപദേശങ്ങൾ മാറ്റമില്ലാത്തതും ശക്തവുമാണ്.

**ശാസനത്തിനായി:** സത്യത്തെക്കുറിച്ചും ദൈവസ്നേഹത്തെക്കുറിച്ചും മനുഷ്യന് ബോദ്ധ്യം വരുത്തുവാൻ ദൈവവചനം ഉപയോഗിക്കപ്പെടുന്നു. ദൈവത്തിന്റെ ദീർഘ ക്ഷമയും സ്വീകാര്യതയും, സുവിശേഷസന്ദേശം നിഷേധിക്കുന്നവരെ അഭിമുഖീകരിക്കുവാനുള്ള ശക്തമായ ഉപാധിയായും ദൈവവചനം പ്രഖ്യാപിക്കുവാൻ കഴിയും എന്ന് നമുക്ക് അവകാശപ്പെടാൻ കഴിയില്ല. മനുഷ്യനും സഭയ്ക്കും ഈ ലോകത്തിൽ ജീവിക്കുവാനും പ്രവർത്തിപ്പാനും ആവശ്യമായ ഉപദേശം ദൈവവചനത്തിൽ മാത്രമാണ് ലഭിക്കുന്നത്. ദൈവവചനത്തിലെ സത്യ ഉപദേശം മരുഭൂമിയിൽ വിളിച്ചു പറയുന്ന ശബ്ദം (മത്തായി3:3) പോലെ നാം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. വചനത്തിലെ സത്യങ്ങളെക്കുറിച്ച് ന്യായം ചോദിക്കുന്ന ഏവനോടും സൗമ്യതയും ഭയഭക്തിയും പൂണ്ട് പ്രതിവാദം പറയുവാൻ നാം എപ്പോഴും ഒരുങ്ങിയിരിക്കണമെന്ന് വചനം അനുസ്മരിപ്പിക്കുന്നു (1 പത്രൊ 3:15).

***ഗുണീകരണത്തിനായി:*** വസ്തുതകൾ അവയുടെ ശരിയായ ഉപയോഗങ്ങൾക്കായി അവയുടെ ശരിയായ സ്ഥാനത്ത് പുനസ്ഥാപിക്കുക എന്നതാണ് ഈ പദത്തിന്റെ അർത്ഥം. തെറ്റിദ്ധരിക്കപ്പെട്ട കാഴചപ്പാടുകളും തെറ്റായ ഉപദേശങ്ങളും തിരുത്തുന്നതാണ് വചനം എന്ന് വികിറ്റോറിസ് അഭിപ്രായപ്പെടുന്നു. (World Map Conference, 02/2009). ദൈവവചനം എല്ലാറ്റിന്റെയും അവസാനത്തേതും ആധികാരികവുമായ വാക്കും വസ്തുതയുമായിരിക്കണം. ദൈവവചനം നമ്മുടെ തെറ്റുകൾ തിരുത്തുന്നു, നേരായ പാതയിലൂടെ നയിക്കുന്നു.

**നീതിയുടെ അഭ്യസത്തിനായി:** ദൈവം വിശുദ്ധനാകയാൽ അവനോട് കൂട്ടായ്മ ആചരിക്കുന്ന നമ്മളും വിശുദ്ധരായിരിക്കണം. ദൈവീക ദൃഷ്ടിയിൽ ശരിയേതാണ് തെറ്റേതാണ്, സത്യമേതാണ്, നീതിയേതാണ് എന്ന് നാം അറിഞ്ഞിരിക്കണം. എന്താണ് സ്വീകരിക്കേണ്ടതെന്നും എന്താണ് തിരസ്കരിക്കേണ്ടതെന്നും വേദപുസ്തകം വ്യക്തമാക്കുന്നു.

മനുഷ്യരുടെ ജീവനും ഭക്തിക്കും ആധാരമായതെല്ലാം വചനം വെളിപ്പെടുത്തുന്നു. ദൈവവചനത്തിന്റെ ശരിയായ സ്വീകരണം നമുക്ക് ഉപദേശം, ഗുണീകരണം, തെറ്റ് തിരുത്തൽ, നീതിയുടെ അഭ്യാസം എന്നിവ പകർന്ന് നൽകുന്നു. ഈ വചനം നാം എങ്ങനെ സ്വീകരിക്കുന്നു എന്നതാണ് ശ്രദ്ധേയം. സ്വീകരിക്കുന്നവർക്ക് ജീവിതത്തിന്നാധാരവും തിരസ്കരിക്കുന്നവർക്ക് ന്യായവിധിയുടെ ആധാരമായും ദൈവവചനം മാറും എന്ന സത്യം നാം മറന്നുപോകരുത്. ജീവിതയാത്രയിൽ മറ്റെന്തിനെക്കാളും വിലമതിക്കുന്നതാണ് ദൈവവചനം.

bijubenjamin1976@gmail.com

*Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442*